**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 69** **14-10-2026-ൽ മറുപടിയ്ക്ക്**

**സേവിങ്-കം-റിലീഫ് പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. വി. ജോയി

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. യു. ആർ. പ്രദീപ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 2026-27 സാമ്പത്തിക വർഷത്തെ സേവിങ്-കം-റിലീഫ് പദ്ധതിയുടെ ഗുണഭോക്തൃ രജിസ്ട്രേഷൻ പ്രക്രിയയുടെ നിലവിലെ പുരോഗതിയും സംസ്ഥാനത്തെ മറൈൻ, ഇൻലാൻഡ് മേഖലകളിലെ പങ്കാളിത്തത്തിൽ കാണുന്ന പൊതുവായ പ്രവണതകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** 2026-27 സാമ്പത്തിക വർഷത്തെ സേവിംഗ്സ്-കം-റിലീഫ് പദ്ധതിയുടെ ഗുണഭോക്തൃ രജിസ്ട്രേഷൻ പ്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2025-26 സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ മറൈൻ മേഖലയിൽ നിന്നും 133392 ഗുണഭോക്താക്കളും ഉൾനാടൻ മേഖലയിൽ നിന്നും 13142 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 146534 പേർ പദ്ധതിയിൽ അംഗങ്ങളായിരുന്നു. ചില ജില്ലകളിൽ മറൈൻ മേഖലയിലും ചില ജില്ലകളിൽ ഉൾനാടൻ മേഖലകളിലും പദ്ധതിയിൽ ചേർന്ന് ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നവരുടെ നേരിയ കുറവ് കണ്ടു വരുന്നുണ്ട്. മത്സ്യ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് നിമിത്തം വിഹിതം അടയ്ക്കുന്നതിനുള്ള തുക കണ്ടെത്തുന്നതിനു ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ മാത്രമാണ് ഇപ്രകാരം സംഭവിക്കുന്നത്.

**(ബി)** 2026-ൽ വിതരണം ചെയ്യേണ്ട പദ്ധതിയുടെ വിവിധ ഗഡുക്കളുടെ വിതരണ പുരോഗതി സംബന്ധിച്ച പൊതുവായ വിലയിരുത്തൽ നൽകാമോ; അർഹരായ മുഴുവൻ ഗുണഭോക്താക്കളിലേക്കും ഇവ എത്തിക്കുന്നതിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്;

**മറുപടി:** 2025-26 വർഷത്തെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളായ 146534 മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു 20,82,10,000/- ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സർക്കാർ വിഹിതം 133392 കടലോര മത്സ്യത്തൊഴിലാളികൾക്ക് 18,98,87,000/- രൂപയും 7288 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 1,00,73,000/-രൂപയും വിതരണം നടത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാം ഗഡുവും മുഴുവൻ ഗുണഭോക്താക്കൾക്കുള്ള മൂന്നാം ഗഡുവും തുക വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ തുക ലഭ്യമാക്കുന്നതിന് സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ പിഴവുകൾ, ബാങ്കുകൾ മെർജ്ജ് ചെയ്യപ്പെട്ടതു മൂലം IFSC കോഡിൽ വന്ന മാറ്റങ്ങൾ, മറ്റു സാങ്കേതിക തകരാറുകൾ

എന്നിവയാണ് തുക വിതരണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

**(സി)** ഓണക്കാലം കഴിഞ്ഞിട്ടും പദ്ധതി പ്രകാരമുള്ള ആശ്വാസതുക ലഭിക്കാത്തതുമൂലം മത്സ്യത്തൊഴിലാളികൾക്കിടയിലുണ്ടായ പ്രതിസന്ധികളെ എങ്ങനെ വിലയിരുത്തുന്നു; അർഹരായവർക്ക് തുക ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ അടിസ്ഥാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികമായി ഒരു കൈത്താങ്ങേകുന്നതിനായി ഓണക്കാലത്തിനു മുൻപ് തന്നെ പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നു. ചില ഗുണഭോക്താക്കൾ സമർപ്പിച്ച അക്കൗണ്ടിലെ പിശകുകൾ കാരണം തുക അനുവദിക്കുന്നതിനുള്ള കാലതാമസം ഉണ്ടായിരുന്നു. ആയതു പരിഹരിച്ച് വരുന്നു.

കേന്ദ്ര വിഹിതം കൂടി ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്രത്തിന്റെ ഭരണാനുമതി, ഫണ്ട് എന്നിവ ലഭ്യമാകുന്നതിനുള്ള കാലതാമസം മൂലം മൂന്നാം ഗഡു തുക വിതരണം ചെയ്യാൻ നേരിയ കാലതാമസം ഉണ്ടായെങ്കിലും നിലവിൽ കേന്ദ്ര വിഹിതം ലഭ്യമാകുകയും ആയതു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. മൂന്നാം ഗഡു തുക ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്.

**(ഡി)** 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ സംസ്ഥാന വിഹിതത്തിന്റെ പര്യാപ്തതയും നിലവിലെ ഫണ്ട് വിനിയോഗ പ്രക്രിയയുടെ കാര്യക്ഷമതയും സംബന്ധിച്ച ഒരു പൊതുവിശകലനം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 22 കോടി രൂപ സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്. ആയതു സംസ്ഥാന വിഹിതം വിതരണം ചെയ്യാൻ പര്യാപ്തമാണ്.

2025-26 വർഷത്തെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളായ 146534 മത്സ്യത്തൊഴിലാളികൾക്ക് ഒന്നാം ഗഡു 20,82,10,000/- ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സർക്കാർ വിഹിതം 133392 കടലോര മത്സ്യത്തൊഴിലാളികൾക്ക് 18,98,87,000/- രൂപയും 7288 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് 1,00,73,000/-രൂപയും വിതരണം നടത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാം ഗഡുവും മുഴുവൻ ഗുണഭോക്താക്കൾക്കുള്ള മൂന്നാം ഗഡുവും തുക വിതരണം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ഇ)** ആനുകൂല്യം ലഭിക്കാൻ ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് സേവിംഗ്-കം-റിലീഫ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നയപരമായ സമീപനങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആനുകൂല്യം ലഭിക്കാൻ ബാക്കിയുള്ള അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും സേവിംഗ്-കം-റിലീഫ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ശരിയായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് നടപടികൾ പൂർത്തീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**